*Malappuram District Police*

**<u>10.07.2017 മലപ്പുറം</u>**

KURTC ബസ് തടഞ്ഞ് നിർത്തി കണ്ടക്ടറേയും ഡ്രൈവറേയും മർദ്ദിച്ച കേസിൽ മൂന്ന് പേരെ മലപ്പുറം പോലീസ് അറസ്റ്റ് ചെയ്തു. 1) ഫള്ളു റഹ്മാൻ– 21/15, S/o മൊയ്തീൻ കുട്ടി, കൊളക്കാടൻ ഹൗസ്, മുണ്ടുപറമ്പ്, KSEB ക്ക് പിന്നിൽ, 2) സൽമാൻ സല്ലൂഫ്- 22/17, S/o അബ്ദുസലാം, വലിയപീടിയേക്കൽ (H), മെരുവിൻകുന്ന്, കുട്ടിലങ്ങാടി, 3) ശ്രീരാഗ്- 22/17, S/o സന്തോഷ് കുമാർ, ശ്രീ നിലയം, പുലാട്ട് കോളനി, ആലത്തൂർപടി, മേൽമുറി എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇന്നലെ രാത്രി 11.00 മണിയോടെ പ്രതികൾ പോവുകയായിരുന്ന ബൈക്കിന് സൈഡ് കൊടുത്തില്ലെന്ന് പറഞ്ഞ് KURTC ബസ് മലപ്പുറം MSP ക്യാമ്പിന് സമീപത്തെ പെട്രോൾ പമ്പിന് മുൻവശം വെച്ച് പ്രതികൾ തടഞ്ഞ് നിർത്തി അന്യായക്കാരനേയും ഡ്രൈവറേയും അടിച്ച് പരിക്കേൽപ്പിച്ച് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരുത്തുകയും ബസ്സിന് കേടുപാടുകൾ ഉണ്ടാക്കുകയും ചെയ്തുവെന്ന കേസിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. സൽമാൻ സല്ലൂഫ് മുമ്പും കശപിശയുണ്ടാക്കിയ കേസിൽ ഉൾപ്പെട്ടയാളാണ്. മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിൻെറ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ എസ്.എ. മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു, മൻസൂറലി, ബിന്ദു എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്ത് കേസന്വേഷിക്കുന്നത്.